(സി) എങ്കിൽ ലോക്കൽ ഫണ്ട് വകുപ്പ് വർഷങ്ങളായി ഓഡിറ്റിനു വിധേയമായിട്ടില്ലാത്തതും പഞ്ചായത്ത് രാജ് ആക്ടിന്റെ പരിധിയിൽ വരുന്നതുമായ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ചാർജും സർ ചാർജും ഈടാക്കുന്നതിന് നിയമതടസ്സമുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) യാതൊരു നടപടിയും ഇക്കാര്യത്തിൽ സ്വീകരിക്കാത്ത പക്ഷം ഈ സ്ഥാപനങ്ങളിലെ കണക്കുകൾ ഓഡിറ്റു ചെയ്യുന്നതിന് മുമ്പ് റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ ക്രമക്കേടുകൾ നടത്തിയത് കണ്ടെത്തിയാലും ഒരു നടപടിയും കൈക്കൊള്ളാൻ നിയമപരമായി സാധിക്കാതെ വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)എങ്കിൽ ഇതിന് എപ്രകാരം പരിഹാരമുണ്ടാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ചാർജ്-സർ ചാർജ് വ്യവസ്ഥകൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 215-ാം വകുപ്പിന്റെ ഉപവകുപ്പ് (9) ൽ നിഷ്കർഷിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്).†

(ബി) ഉണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 215-ാം വകുപ്പിന്റെ ഉപവകുപ്പ് പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്).

(സി) പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ 2.10.95 ൽ ആണ് നിലവിൽ വന്നത്. ആയതിന് ശേഷമുള്ള കാലയളവിലെ കണക്കുകളിൽ കണ്ടുപിടിക്കപ്പെടുന്ന നഷ്ടങ്ങളുടെ സർചാർജ് നടപടികളിൽ മാത്രമേ നാലു വർഷത്തെ സമയപരിധി ബാധകമാകുകയുള്ളൂ. അതിനു മുൻപുള്ള കണക്കുകൾ ഓഡിറ്റ് ചെയ്തു തീർപ്പുകൽപ്പിക്കുന്നത് അന്ന് നിലവിലിരുന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമാണ്. അവയിൽ സമയപരിധി നിശ്ചയിച്ചിട്ടില്ല.

(ഡി)-(എഫ്) സി യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

28 (1477) കാണാതായ ഡ്രാഫ്റ്റ് ഓഡിറ്റ് റിപ്പോർട്ടുകൾ

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. പി.ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് എക്സാമിനറുടെ ഓഫീസിൽ നിന്നും കാണാതായ ഡ്രാഫ്റ്റ് ഓഡിറ്റ് റിപ്പോർട്ടുകൾ ത്രിതല പഞ്ചായത്തുകളുടെ ഡ്രാഫ്റ്റ് ഓഡിറ്റ് റിപ്പോർട്ടുകളാണോ;

(ബി) എങ്കിൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേതാണ് പ്രസ്തുത റിപ്പോർട്ടുകൾ എന്ന് വിശദമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം റിപ്പോർട്ടുകൾ കാണാതായതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ വിശദമായ അന്വേഷണത്തിന് എറണാകുളം ജില്ലാ ഓഫീസിൽ പോയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്താണെന്നും അത് സംബന്ധിച്ച് അദ്ദേഹം ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഇ) കാണാതായ റിപ്പോർട്ടുകൾ ഏതു വർഷത്തേതാണെന്നും അതിൽ ജനകീയാസൂത്രണ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് ഡ്രാഫ്റ്റ് ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(എഫ്) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ വീണ്ടും ഓഡിറ്റ് നടത്തുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഡ്രാഫ്റ്റ് റിപ്പോർട്ടുകളിൽ ത്രിതല ഗ്രാമ പഞ്ചായത്തുകളുടെ റിപ്പോർട്ടുകളും ഉൾപ്പെടുന്നു.

(ബി) 1. പെരുമ്പാവൂർ നഗരസഭ
2. കോതമംഗലം നഗരസഭ
3. അങ്കമാലി നഗരസഭ
4. കളമശ്ശേരി നഗരസഭ
5. മണീട് ഗ്രാമപഞ്ചായത്ത്
6. ഏഴിമന ഗ്രാമപഞ്ചായത്ത്
7. കാലടി ഗ്രാമപഞ്ചായത്ത്
8. മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്
9. പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്
10. തൃക്കാക്കര ഗ്രാമപഞ്ചായത്ത്
11. കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്
12. പായിപ്ര ഗ്രാമപഞ്ചായത്ത്
13. എറണാകുളം ജില്ലാ പഞ്ചായത്ത്

(സി) ഉണ്ട്.

(ഡി) 18.1.1999, 20.2.1999 എന്നീ തീയതികളിൽ പോയിട്ടുണ്ട്. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഗവൺമെന്റിന് നൽകിയിട്ടില്ല.

(ഇ) 1995-96 ലെ മൂന്നു റിപ്പോർട്ടുകളും 1996-97, 1997-98 ലെ 6 റിപ്പോർട്ടുകൾ വീതവും നഷ്ടപ്പെട്ടിട്ടുണ്ട്. ഇതിൽ ജനകീയാസൂത്രണ വിനിയോഗം സംബന്ധിച്ച കണക്കുകളും ഉൾപ്പെടും.

(എഫ്) പോലീസിന്റെ ഭാഗത്തുനിന്നുള്ള അന്വേഷണഫലം അറിഞ്ഞ ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

29 (1478) ലോക്കൽ ഫണ്ട് ഓഡിറ്റ് പുനഃസംഘടിപ്പിക്കൽ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പാലോട് രവി :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly